

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 13

# അപ്പം വർദ്ധിപ്പിക്കുന്ന ഈശോ



# അപ്പം വർദ്ധിപ്പിക്കുന്ന ഈശോ

നമ്മുടെ ആവശ്യങ്ങളിൽ ഈശോ നമ്മെ സഹായിക്കുന്നു. നമ്മുടെ ശരീരത്തിന് ആഹാരം തരുന്ന ഈശോ, ആത്മാവിനും ആവശ്യമായ ആഹാരം തരുന്നു. നമ്മുടെ ആത്മാവിന്റെ ആഹാരമാണ് വി.കുർബാന.

**ഈശോയെയാണ് വി.കുർബാനയിൽ**
**നാം സ്വീകരിക്കുന്നത്.**
**ഈശോ പറയുന്നു:**

# ‘ഞാനാണ് ജീവന്റെ അപ്പം’



ഈശോ ദൈവപുത്രനാണ്. നമുക്കു
ജീവൻ നൽകാനായി
ഈശോ വിശുദ്ധ കുർബാന
സ്ഥാപിച്ചു.

# വിശുദ്ധ
# കുർബാന
# ജീവന്റെ അപ്പം

# നമുക്കു പാടാം



നയനത്തിൽ കരുണയും
ഹൃദയത്തിൽ സ്നേഹവുമായ്
ജനതയെ തൃക്കൺപാർത്ത കരുണാനിധേ
വിശന്നൊരാ മനുജരെ അപ്പമേകി തൃപ്തരാക്കി.

നന്ദിയോടെ വണങ്ങുന്നു പൂജ്യപാദങ്ങൾ
വിശക്കുന്നോർക്കപ്പമേകാൻ
പഠിപ്പിക്കൂ ഞങ്ങളെയും
നിന്റെ ദിവ്യപാതയെന്നും പിന്തുടർന്നിടാൻ.





# നമുക്കുപ്രാർത്ഥിക്കാം

വിശന്നുവലഞ്ഞ ജനങ്ങളെ അപ്പം വർദ്ധിപ്പിച്ചുനൽകി സംതൃപ്തരാക്കിയ ഈശോയേ, ഞങ്ങളുടെ ആവശ്യനേരങ്ങളിൽ ഞങ്ങളെയും സഹായിക്കണമേ.

# നമുക്ക് അനുകരിക്കാം

**വിശക്കുന്നവർക്ക് അപ്പം പങ്കുവച്ചുനൽകിയ**
**ഈശോയെപ്പോലെ നമുക്കുള്ള**
**നന്മകൾ മറ്റുള്ളവർക്കായി**
**പങ്കുവയ്ക്കാം.**

## സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* വിശന്നു തളർന്ന ആളുകൾക്ക് ഈശോ അപ്പം വർദ്ധിപ്പിച്ചു നൽകി തൃപ്തരാക്കി.

* ഈശോ നമ്മുടെ ശരീരത്തിനും ആത്മാവിനും ആവശ്യമായ ആഹാരം തരുന്നു.

* നമ്മുടെ ആത്മാവിന്റെ ആഹാരമായ വി.കുർബ്ബാനയിലൂടെ നാം ഈശോയെ സ്വീകരിക്കുന്നു.

* ദൈവപുത്രനായ ഈശോ നമുക്കു ജീവൻ നൽകാൻ വി.കുർബ്ബാന സ്ഥാപിച്ചു.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* നമ്മുടെ ശരീരത്തിനും ആത്മാവിനും ആഹാരം നൽകുന്ന ഈശോയെ എപ്പോഴും നാം സമീപിക്കണം.

* ശരീരത്തിനാവശ്യമായ ഭക്ഷണം കഴിക്കുന്നതോടോപ്പം ആത്മാവിന്റെ ആഹാരമായ വി. കുർബാനയും സ്വീകരിക്കണം.

* വിശക്കുന്നവർക്ക് അപ്പം പങ്കുവച്ചുനൽകിയ ഈശോയെപ്പോലെ നാമും നമുക്കുള്ള നന്മകൾ പങ്കുവയ്ക്കണം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* നമ്മുടെ എല്ലാ ആവശ്യങ്ങളിലും ഈശോയുടെ സഹായം തേടുക.

* വി. കുർബാനയിൽ ഭക്തിപൂർവ്വം പങ്കെടുക്കുകയും വി.കുർബ്ബാന യോഗ്യതയോടെ സ്വീകരിക്കുകയും ചെയ്യുക.



* നമുക്ക്  ദൈവം നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ മറ്റുള്ളവർക്കു കൂടി പങ്കുവയ്ക്കുവാൻ തയ്യാറാവുക.

* ‘യേശുവേ നന്ദി, യേശുവേ സ്തോത്രം’ എന്ന് ആവർത്തിച്ചു ചൊല്ലി ഈശോയെ സ്തുതിക്കുക.




THANK
YOU